"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - ഹഡ്കോ വായ്പ-1500 കോടി രൂപ- നഗരസഭകളുംകെ.യു.ആർ.ഡി.എഫ്.സി.യും തമ്മിൽ കരാറിൽ ഏർപ്പെടുന്നതിനുള്ള അനുമതി ലഭ്യമാക്കിയും ഭരണ സമിതിയുടെ തീരുമാനം രേഖപ്പെടുത്തേണ്ട മാതൃക ഫോറവും നഗരസഭയും കെ.യു.ആർ.ഡി.എഫ്.സി.യുമായി ഒപ്പു വയ്ക്കേണ്ട കരാറിന്റെ മാതൃകയും -അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

G.O.(Ms)No.66/2022/LSGD തീയതി,തിരുവനന്തപുരം, 22-03-2022

---

പരാമർശം:-

1. സ.ഉ. (കൈ)നം.53/2021/ത.സ്വ.ഭ.വ തീയതി 18/02/2021.
2. സ.ഉ. (കൈ)നം.302/2021/ത.സ്വ.ഭ.വ തീയതി 17/12/2021.
3. 4/02/2022 ന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി നടത്തിയ യോഗത്തിന്റെ മിനിറ്റ്സ്.
4. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 22/02/2022 തീയതിയിലെ എൽ.എം1946/2019/ലൈഫ് നമ്പർ കത്ത്.
5. കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 11/03/2021 തീയതിയിലെ കെ.യു.ആർ.ഡി.എഫ്.സി/ എ 2/727/2021 നമ്പർ കത്ത്.
6. സ.ഉ.(കൈ)നം.62/2022/തസ്വഭവ തീയതി 19/03/2022.

**ഉത്തരവ്**

ലൈഫ് മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച പട്ടികജാതി/പട്ടികവർഗ്ഗ/ഫിഷറീസ് അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ ഭൂമിയുള്ള ഭവനരഹിതർക്കും അഡീഷണൽ ലിസ്റ്റിലെയും ലൈഫ് 3-ാം ഘട്ടത്തിലെയും ഭൂരഹിതരിൽ നിന്നും ഭൂമി ആർജ്ജിച്ചുവരുന്ന ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനായി 1500 കോടി രൂപ HUDCO-യിൽ നിന്നും KURDFC മുഖേന വായ്പയെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് പരാമർശം (1), (2) എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. പരാമർശം (6) ഉത്തരവ് പ്രകാരം വായ്പയുടെ മുതൽ നഗരസഭകൾക്ക് ലഭ്യമാക്കുന്ന വികസന ഫണ്ടിന്റെ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് HUDCO-യ്ക്ക് നൽകുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇപ്രകാരം ഹഡ്കോയിൽ നിന്ന് കെ.യു.ആർ.ഡി.എഫ്.സി മുഖേന വായ്പ എടുക്കുന്ന തുക നഗരസഭകൾക്ക് ലഭ്യമാക്കുന്നതിന് നഗരസഭകളും കെയുആർഡിഎഫ്.സിയും തമ്മിൽ കരാറിൽ ഏർപ്പെടുന്നതിന് സർക്കാർ അനുമതി ആവശ്യമാണ്.

2. KURDFC മുഖേന വായ്പയായി ലഭ്യമാക്കുന്ന തുകയുടെ തിരിച്ചടവിനായി, നഗരസഭകളുടെ വികസന ഫണ്ടിന്റെ 20% ത്തിൽ കവിയാതെയുള്ള തുക, 2022-23 മുതൽ പരമാവധി 15 വർഷം കൊണ്ട് ഉറവിടത്തിൽ നിന്ന് കുറവു ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് സമ്മതമാണെന്നുള്ള ബന്ധപ്പെട്ട നഗരസഭകളുടെ ഭരണ സമിതിയുടെ തീരുമാനവും കെ.യു.ആർ.ഡി.എഫ്.സി യുമായി നഗരസഭ ഒപ്പുവയ്ക്കുന്ന കരാറും ആവശ്യമാണ്.

3. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. പട്ടികജാതി പട്ടികവർഗ്ഗ ഫിഷറീസ് അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള നഗരസഭകളിലെ അർഹരായ ഭൂമിയുള്ള ഭവനരഹിത ഗുണഭോക്താക്കൾക്കും ലൈഫ് 3-ാം ഘട്ടത്തിലെയും അഡീഷണൽ ലിസ്റ്റിലെയും ഭൂരഹിതരിൽ നിന്നും ഭൂമി ആർജിച്ചു വരുന്ന ഗുണഭോക്താക്കൾക്കും ലൈഫ്-PMAY(U) പദ്ധതിപ്രകാരം ഭവന നിർമ്മാണത്തിനായി ധനസഹായം നൽകുന്നതിലേക്ക് കെയുആർഡിഎഫ് സി മുഖേന ഹഡ്കോയിൽ നിന്നും വായ്പയെടുക്കുന്ന തുക നഗരസഭകൾക്ക്/കോർപറേഷനു ലഭ്യമാക്കുന്നതിനായി നഗരസഭകളും കെ.യു.ആർ.ഡി.എഫ്.സി.യും തമ്മിൽ കരാറിൽ ഏർപ്പെടുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും നഗരസഭ ഭരണ സമിതിയുടെ തീരുമാനം രേഖപ്പെടുത്തുന്നതിനായി അനുബന്ധമായി ചേർക്കുന്ന മാതൃക ഫോറവും നഗരസഭകൾ കെയുആർഡിഎഫ്.സിയുമായി ഒപ്പു വയ്ക്കേണ്ട കരാറിന്റെ മാതൃകയും അംഗീകരിച്ചും ഉത്തരവാകുന്നു.

4. പ്രസ്തുത മാതൃകാ ഫോറത്തിൽ നഗരസഭകളുടെ കമ്മിറ്റി തീരുമാനവും ഒപ്പുവച്ച കരാറും കെ.യു.ആർ.ഡി.എഫ്.സി -യിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BIJU PRABHAKAR
SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബർ
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ധനവകുപ്പ് (ഡെവ-2/32/2021-ഫിൻ തീയതി 21/10/2021).
നിയമവകുപ്പ്(നം4227/കൺവെ.1/2022/നിയമം തീയതി 04/03/2022)
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Reenamma P A**
**Date: 22-03-2022 13:12:09**

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ പിഎയ്ക്ക്